# പള്ളികഥകൾ

## മിനികഥകൾ

അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ കഥ പറയുമ്പോഴും ഉണ്ടാക്കി പറയുമ്പോഴും വളരെ ശ്രദ്ധിക്കുന്ന ഒരു കാര്യമുണ്ട്; ഓർത്തഡോക്സ് മെത്രാന്മാരെ പറ്റി ഇല്ലാ കഥയുണ്ടാക്കിയാൽ വിവരമറിയുമെന്നറിയാം. എന്നാലും സരസനായ അച്ചൻ ചില സമയത്ത് അറിയാതെ പറഞ്ഞു പോകും; അതാണ് ശീലം.

### താടിയില്ലാ മെത്രാൻ

കൊച്ചുമെത്രാച്ചൻ എന്നു നാട്ടുകാരാൽ അറിയപ്പെടുന്ന കൊച്ചു പിതാവ് തന്റെ പൂർവ്വസ്മരണകൾ അയവിറക്കുകയായിരുന്നു. ഓർമ്മ വെച്ച നാൾ മുതൽ അദ്ദേഹം ഒരു സസ്യഭുക്കായിരുന്നു. മത്സ്യമാംസങ്ങൾ ഭുജിക്കുന്നത് പാപമെന്ന് എങ്ങിനെയോ മനസ്സിൽ അറിയാതെയോ അറിഞ്ഞോ കടന്നു കൂടിയിട്ടുണ്ടായിരുന്നു. യാതൊരു വിധത്തിലും ഒരു പ്രാണിയേയും കൊല്ലുക എന്നത് അദ്ദേഹത്തിന് സഹിക്കാൻ പാടില്ലാത്ത ഒന്നായിരുന്നു. മിക്കപ്പോഴും പ്രാർത്ഥനയും ഉപവാസവും മൂലം കൂട്ടുകാർ പോലും കളിയാക്കി മെത്രാൻ വക്കീ എന്നു വിളിക്കുമായിരുന്നു. വറ്ഗ്ഗീസ് എന്നാണ് പേരെങ്കിലും കൂട്ടുകാർ കളിയാക്കി വക്കീ, പോക്രീ, മാക്രീ എന്നെല്ലാം വിളിച്ചിരുന്നു. ആരെന്തെല്ലാം പറഞ്ഞാലും അതെല്ലാം വളരെ ക്ഷമയോടെ കേട്ടിരിക്കുന്നതല്ലാതെ അതിനൊന്നും പ്രതികരിക്കത്തില്ലായിരുന്നു. എന്നാൽ കളിയാക്കുന്നവക്കും പരിഹസിക്കുന്നവക്കും അപ്പോഴപ്പോൾ തന്നെ എന്തെങ്കിലും ദൈവശിക്ഷ കിട്ടുമായിരുന്നു. അതൊന്നും മനസ്സിലാക്കാതെ പിന്നേയും പിന്നേയും അവർ തുടന്ന്കൊണ്ടിരുന്നു. എന്തു പറഞ്ഞാലും പ്രതികരിക്കാതെയും പ്രകോകിക്കാതെയും ഇരുന്ന അവനെ പിന്നീട് ആരും കളിയാക്കാതേയും പരിഹസിക്കാതെയും മാറി മാറി പോയി. പള്ളിക്കൂടത്തിലും മറ്റും അവൻ ഒറ്റപ്പെട്ടവനായി ജീവിച്ചു.

കൊച്ചുവറ്ഗ്ഗീസിന്റെ ജീവിതത്തിനു വളരെ പ്രത്യേകതകളുണ്ടായിരുന്നു. അലസനല്ലായിരുന്നു. അതിരാവിലെ എഴുന്നേൽക്കും. കിടക്കയിൽ നിന്നും എഴുന്നേറ്റാൽ ഉടനെ അവിടിരുന്നു തന്നെ വളരെ നേരം ദീഘ്മായി പ്രാർത്ഥിക്കും; യാതൊരു ശബ്ദവും പുറത്തു കേൾപ്പിക്കാതെ. ആ വീട്ടിൽ ആരും അത്രയും അതിരാവിലെ എഴുന്നേൽക്കുന്ന പതിവില്ല. കാലത്ത് എഴുന്നേൽക്കുന്നവരാരും പ്രഭാത പ്രാർത്ഥന നടത്തുന്ന പതിവുമില്ല; അപ്പനും അമ്മയും പോലും.

വളരെ നിദ്ധന കുടുംബമായിരുന്നു അത്. താഴെ ഒരു ചാക്കു വിരിച്ച് അതിലായിരുന്നു മക്കളെല്ലാം കിടന്നിരുന്നത്. മൺഭിത്തിയും ഓലമേഞ്ഞ കുടിലുമായിരുന്നു അത്. ചാണകം മേഞ്ഞ തറയിൽ പാത്രത്തിൽ കഞ്ഞിയുള്ളത് പ്ലാവില കൊണ്ട് കുമ്പിളുണ്ടാക്കി കോരിക്കുടിച്ചായിരുന്നു ബാല്ല്യം. ചാണകം മേഞ്ഞ തറിയിൽ നഗ്നപാദനായി നടക്കുന്നതും കിടക്കുന്നതുമെല്ലാം ആരോഗ്യത്തിന് അത്യുത്തമമെന്നാണ് അന്നും ഇന്നും വിശ്വാസം.

അപ്പൻ തോമ്മാ കൃഷിപണിയായിരുന്നു. ഒരല്പം പുരയിടമുള്ളിടത്ത് കൃഷി ചെയ്യും. പള്ളി പുരയിടത്തിൽ പാട്ടം എടുത്ത് കൃഷി ചെയ്യും. പിന്നേയും എവിടെയെങ്കിലും പുരയിടം കിട്ടിയാൽ അവിടെല്ലാം പാട്ടത്തിന് എടുത്ത് കൃഷി ചെയ്യും. വളരെ കഠനാദ്ധ്വാനിയായ മനുഷ്യനായിരുന്നു. ചെയ്യുന്ന പണിയിലെല്ലാം ദൈവാധീനവും ഉണ്ടായിരുന്നു. തോമ്മാ കൈകൊണ്ടു തൊടുന്നിടത്തെല്ലാം പൊന്നു വിളയുമെന്ന് നാട്ടുകാർ പറയുമായിരുന്നു. അത്രയയ്ക്ക് കൈപുണ്യമുണ്ടായിരുന്നു.

അമ്മയും വളരെ കഷ്ടപ്പെട്ടായിരുന്നു ജീവിച്ചത്. തോമ്മാ പുരയിടത്തിലേതും മറ്റും ഓലമടല് വെള്ളത്തിൽ ഇട്ട് കുതിർത്ത് ചുമ്മി വീട്ടുമുറ്റത്ത് കൊണ്ടിട്ടാൽ അതെല്ലാം നല്ലവണ്ണം മെടഞ്ഞ് ഭംഗിയാക്കി ഭാര്യ മേരി കൊടുക്കുമായിരുന്നു. തന്മൂലം നമ്മുടെ നാട്ടിലെ തൊഴിലില്ലാത്തവർ ഓലമേരി എന്ന് ഇരട്ടപേര് അവൾക്കിട്ടിരുന്നു. അവക്കത് അറിയാമായിരുന്നെങ്കിലും അവരാരോടും വഴക്കിന് പോയിരുന്നില്ല. പറഞ്ഞ് പറഞ്ഞ് നാക്ക് കഴയ്ക്കുമ്പോൾ അവർ നിർത്തിക്കോളുമെന്ന്അവർ വിശ്വസിരുന്നു.

മക്കൾക്കും പണിയുണ്ടായിരുന്നു. മേരിക്ക് അന്ന് സ്ത്രീധനമിനത്തിൽ കിട്ടിയ ഒരു പശുവും അതിനുണ്ടായ കിടാവിനും പുല്ലു പറിക്കുക; തൊഴുത്തിൽ കൊണ്ടു കെട്ടുക; കുളിപ്പിക്കുക തുടങ്ങിയവയായിരുന്നു. സത്യത്തിൽ മേരിയുടെ അമ്മയുടെ സ്വന്തം പശുവാണത്. ഏക മകൾ വിവാഹം കഴിഞ്ഞ് മാറിയപ്പോൾ അമ്മ മകൾക്ക് സന്തോഷമായി കൊടുത്തതാണ് ആ പശു. മക്കൾ ചാണകം വാരി ഉണങ്ങി വിറ്റ് വേറെ വരുമാനം ഉണ്ടാക്കിയിരുന്നു. അന്നത്തെ കാലത്ത് നല്ലവണ്ണം പരത്തി ഉണങ്ങിയ ചാണകം തീകത്തിക്കാൻ വളരെ നല്ലതായിരുന്നു. മക്കളുടെ ഒരുമാതിരിപ്പെട്ട ചിലവുകളെല്ലാം അതുകൊണ്ടു നിറവേറ്റുമായിരുന്നു. അങ്ങിനെ വളരെ വളരെ കഷ്ടപ്പെട്ടു വളന്ന് വന്നതായിരുന്നു അദ്ദേഹം.

ആ കുടുംബത്തിൽ കലഹം ഇല്ലായിരുന്നു. അവക്കതിന് സമയമില്ലാരുന്നു. പ്രഭാതമം മുതൽ പ്രദോഷം വെരെ അവരെല്ലാവരും വളരെ തിരക്കിലായിരുന്നു. തോമ്മാ മദ്യപാനിയോ ധ്രൂപപാനിയോഅല്ലായിരുന്നു. എല്ലാദിവസവും വൈകിട്ട് പണിയെല്ലാം കഴിഞ്ഞാലുടനെ എല്ലാവരും കൂടെ ഒന്നിച്ച് താഴെയിരുന്ന് പ്രാത്ഥന കഴിഞ്ഞാലുടനെ കഞ്ഞികുടിയും കഴിഞ്ഞ് കിടന്നുറങ്ങും.

മഷികുപ്പിയിൽ തുണിതെറുത്ത് തിരിയുണ്ടാക്കി വെച്ചിട്ടുള്ള മണ്ണെണ്ണ വിളക്കിൻ കീഴിലിരുന്ന് രാവിലെ എല്ലാ പണികളും പഠനങ്ങളും കഴിച്ചു കൂട്ടും.

വറ്ഗ്ഗീസ് ഹൈസ്ക്കൂൾ പരീക്ഷയും കഴിഞ്ഞിരിക്കുന്ന സമയത്ത് ആ പള്ളിയിൽ വന്ന മെത്രാൻ തോമ്മായോട് വറ്ഗ്ഗീസിനെ കൂടെ പറഞ്ഞു വിടാമോ എന്നു ചോദിച്ചു. മെത്രാന് കുശിനിപണിക്ക് ആളിനെയാണ് ചോദിക്കുന്നതെന്ന് തോമ്മായ്ക്കറിയാമായിരുന്നു. ഒന്നെങ്കിലും നല്ല ഭക്ഷണവും കഴിച്ച് സുഖമായി ജീവിച്ചോട്ടെ എന്ന് കരുതി അയാൾ സമ്മതിച്ചു. എന്നാൽ മെത്രാന്റെ കൂടെയുള്ള ജീവിതം കഷ്ടത നിറഞ്ഞതായിരുന്നു. ഭക്ഷണമോ എല്ലാ ദിവസവും കഞ്ഞിയും പയറും. വല്ലപ്പോഴും ആരെങ്കിലും നല്ല ഭക്ഷണം കൊണ്ടു കൊടുത്താൽ മെത്രാൻ കഴിച്ചതിന്റെ ബാക്കിയുള്ളത് കിട്ടും. കുശിനി പണി വളരെ കഷ്ടത നിറഞ്ഞതായിരുന്നു. മെത്രാന് ഇഷ്ടമുള്ള ഭക്ഷണം കാലാകാലം വെച്ചു വിളിമ്പി പാത്രവും കഴുകി, മെത്രാന്റെ എല്ലാ വസ്ത്രങ്ങളും കഴുകി പ്രീതിപ്പെടുത്തിക്കൊണ്ടിരിക്കണം. ശമ്പളവും കിമ്പളവും ഒന്നുമില്ല.

വറ്ഗ്ഗീസിന് തുടന്ന് പഠിക്കണമെന്നവൻ പറഞ്ഞതിന് അദ്ദേഹം അനുമതി നൽകി. കാലത്ത് കോളേജിൽ പോകുന്നതിന് മുമ്പ് പണികൾ എല്ലാം ചെയ്തിട്ട് പോകണം. വൈകിട്ട് വന്നാലുടനെ ബാക്കി പണികൾ എല്ലാം ചെയ്തു തീക്ക

ണം. നേരം വെളുക്കുന്നതുവെരെ മെത്രാൻ പ്രാത്ഥിക്കുമ്പോഴെല്ലാം കൂടെ പോയി കുമ്പിട്ട് പ്രാത്ഥിക്കണം. അതിനിടയിൽ സമയം കണ്ടെത്തി സുറിയാനിയും പഠിക്കാൻ തുടങ്ങി. അവന്റെ കോളേജിലെ ഫീസും പുസ്തകച്ചിലവും വസ്ത്രവുമെല്ലാം മെത്രാൻ കൊടുക്കുമായിരുന്നു.

അതിനിടയിൽ സമയം കണ്ടെത്തി മെത്രാന്റെ കാറോടിക്കാനും പഠിച്ചു. അവൻ കാറോടിക്കുമെന്നായപ്പോൾ ലൈസൻസും വാങ്ങികൊടുത്ത് അവനെ ഡ്രൈവറായും ഉപയോഗിച്ചു തുടങ്ങി. അതിനിടയിൽ അവന്റെ ബാച്ചിലേഴ്സ്പഠിത്തവുംകഴിഞ്ഞു. അപ്പോൾഅവനെ ശെമ്മാശ്ശനാക്കി. തുടന്ന് പഠിച്ച് മാസ്റ്റേഴ്സും പൂത്തിയാക്കി. അപ്പോളവനെ അച്ചനാക്കി.

വഗ്ഗീസിന്റെ വീട്ടിലെ സാമ്പത്തിക നില അറിയാമായിരുന്ന മെത്രാൻ, അച്ചനായപ്പോഴത്തെ എല്ലാ ചിലവും നിറവേറി. അതോടൊപ്പം പള്ളിവക സ്ക്കൂളിലെ അദ്ധ്യാപകനുമാക്കി. ഈ തിരക്കിനിടയിൽ വഗ്ഗീസ് വിവാഹകാര്യം മറന്നുപോയി; മെത്രാൻ മനപ്പൂവ്വം അക്കാര്യം അവനെ ഓമ്മിപ്പിച്ചുമില്ല. സ്ക്കൂളിലെ ജോലിയും വരുമാനവും ആയപ്പോൾ അവൻ വീട്ടുകാരെ അല്പാല്പം സാമ്പത്തികമായി സഹായിച്ചു തുടങ്ങി.

അപ്പോഴേക്കും വീട്ടിലെ നിലയും വ്യത്യാസം വന്നുകഴിഞ്ഞിരുന്നു. പഴയ ഓലക്കെട്ടിടം നിന്നിടത്ത് ഓടുമേഞ്ഞ വീടായി. വീട് മുഴുവനും ഇലക്ട്രിക്ക് വിളക്കുകളായി. സഹോദരങ്ങൾക്ക് വിവാഹമായി. അവക്ക് പലചരക്ക കടയും ജൗളിക്കടയും മറ്റും മറ്റുമായി.

കാലത്തിന്റെ പഴക്കത്തിൽ നമ്മുടെ മെത്രാന് വാദ്ധ്യക്യമായി. വഗ്ഗീസിനെ മെത്രാനാക്കാൻ അദ്ദേഹം ശുപാശ് ചെയ്തു. വഗ്ഗീസ് വിശ്വസ്തനുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ വഗ്ഗീസിനെ മെത്രാനാക്കാനുള്ള തീയതിയും നിശ്ചയിച്ചു. ഒരുക്കങ്ങളെല്ലാം പൂത്തീകരിച്ചു.

വഗ്ഗീസച്ചന് വളരെ മനോഹരമായ നീണ്ട താടിമീശയുണ്ടായിരുന്നു. മറ്റ് അച്ചന്മാരും മെത്രാന്മാരും വഗ്ഗീസച്ചന്റെ താടിമീശകണ്ട് കൊതിവിടുക തന്നെ ചെയ്തു.

വഗ്ഗീസച്ചനെ മെത്രാനാക്കുന്നതിന്റെ തലേ ദിവസം വൈകിട്ട് ഒരുറുമ്പ് മനോഹരമായ താടിമീശയിൽ കയറിപ്പറ്റി. സാത്താന്റെ വലിയ പരീക്ഷണമായി അദ്ദേഹമതിനെ കണ്ടു. സാത്താനെ തോല്പിക്കാൻ തന്നെ തീരുമാനിച്ചു. വളരെയധികം പ്രാത്ഥനയോടുകൂടെ തന്നെ ആ ഉറുമ്പിനേയും കൊണ്ട് അടുത്തുള്ള മരത്തിലെ ഉറമ്പിൻ കൂട്ടത്തിന്റെ അടുക്കലേക്ക് ചെന്നിട്ട് ഉറമ്പിനോട് പറഞ്ഞു:

''നിന്റെ കൂടുകാരുടെ കൂടെ പോയി നീ സന്തോഷമായി ജീവിക്ക്''

അദ്ദേഹം തന്റെ നീണ്ടു പരന്നു കിടക്കുന്ന മനോഹരമായ താടിമീശ പൊക്കി ഉറുമ്പിൻ കൂട്ടത്തിലേക്ക് പിടിച്ചു വെച്ചു കൊടുത്തു. അല്ലാതെ ദൂരെ മാറ്റി നിത്തിയാൽ ഈ താടിയേൽ ഇരിക്കുന്ന ഉറുമ്പ് താഴെ വീണ് പരിക്കുപറ്റുകയോ വല്ലതും ചെയ്താൽ അതൊരു വലിയ പാപമായി അയാൾക്കു തോന്നിയിരിക്കണം.

നീറിൻകൂട്ടം നോക്കിയപ്പോൾ നമ്മുടെ ഒരണ്ണനെ ഇയാൾ അയാളുടെ താടിമീശയിൽ വെച്ച് ദ്രോഹിക്കുന്നു. വാടാ അണ്ണന്മാരേ ഇയാളെ നമ്മൾക്ക് ഒരു പാഠം പഠിപ്പിക്കാം. നീറിൻ കൂട്ടത്തിലെ നീറെല്ലാം കൂടെ താടിമീശയിലേക്ക് കടന്നൊരാക്രമണം. വഗ്ഗീസ് പ്രതീക്ഷിക്കാത്തതാണ് സംഭവിച്ചത്. കയറിയതെല്ലാം കൂടെ മുഖത്തിന്റെ നാനാഭാഗത്തും കൂടെ കയറി കടിക്കാൻ തുടങ്ങിയപ്പോൾ നല്ല ജീവൻ പോയി. മറ്റൊന്നും ചിന്തിക്കാൻ സമയം കിട്ടിയില്ല. എല്ലാത്തിനേയും കൂട്ടിപ്പിടിച്ച് ഒറ്റ ഞെരിച്ചിൽ. പിന്നേയും പിന്നേയും അവറ്റകൾ മുഖത്തൂടെ ഇഴയുന്നതുപോലെ തോന്നി തുടങ്ങി. പിന്നേയും പിന്നേയും താടിയെല്ലാം കൂടെ കൂട്ടിപ്പിടിച്ച് തിരുമാൻ തുടങ്ങി. എല്ലാം ചത്തു. അതിനെയെല്ലാം ഇളക്കി പറിച്ചു കളയാൻ നോക്കിയിട്ട് എല്ലാംകൂടെ ഒട്ടിപ്പിടിച്ചിരിക്കുന്നു. പശവെച്ച് ഒട്ടിച്ചപോലെ എല്ലാം കൂടെ കെട്ടുപിടിച്ച് കിടക്കുന്നു. തലക്കു പ്രാന്തു പിടിച്ചതുപോലെയായി. മുറിയിൽ ചെന്ന് കത്രിക എടുത്ത് എല്ലാം വെട്ടിപ്പറിച്ചു കളഞ്ഞു.

അതു കഴിഞ്ഞ് കണ്ണാടിയിൽ മുഖം നോക്കിയപ്പോൾ മുഖമാകെ വികൃതമായതുപോലെ. അച്ചനാകുന്നതിന് മുമ്പ് ഉപയോഗിച്ചിരുന്ന ഷേവിംഗ് സെറ്റെടുത്ത് എല്ലാം വടിച്ചു കളഞ്ഞ് മുഖമെല്ലാം നേരേയാക്കി. കണ്ണാടിയിൽ നോക്കി. മുഖമെല്ലാം വൃത്തിയായിരിക്കുന്നു.

അപ്പോഴാണ് ഓക്കുന്നത് നാളെ തന്നെ മെത്രാനാക്കുകയാണല്ലോ. താടിമീശയില്ലാത്ത തന്നെ എങ്ങിനെ മെത്രാനാക്കും. ഇത്രയുമധികം ഉറുമ്പുകളെ കൊന്നതിന് അതിന്റെ ശാപം കിട്ടിയതാണ്. കുറച്ചധിക നേരം കരഞ്ഞു. പിന്നീട് പ്രാത്ഥിച്ചു. അവസാനം മെത്രാച്ചനെ കണ്ടു. ഉണ്ടായ കാര്യങ്ങൾ എല്ലാം വിശദമായി പറഞ്ഞു. അവസാനം പറഞ്ഞു നിത്തിയത് ഇങ്ങിനെ:

''ഞാൻ വലിയ പാപം ചെയ്തു; ഇത്രയുമധികം ഉറുമ്പുകളെ ഒന്നോടു കൊല ചെയ്തു; ഞാനൊരു മെത്രാനാകാൻ യോഗ്യനല്ല.''

മെത്രാച്ചൻ അയാളേയും കൂട്ടി പള്ളിയിൽ കൊണ്ടുപോയി. വളരെയധികം കുമ്പിട്ട് പ്രാത്ഥിച്ചപ്പോൾ പരിഹാരമാഗ്ഗം കിട്ടി. ''ഇയാള് മെത്രാനാകുന്നതിന് മുമ്പല്ലേ മുഖമെല്ലാം വടിച്ചിട്ടുള്ളു; മെത്രാനായതിനു ശേഷമല്ലല്ലോ. മെത്രാനായതിനു ശേഷം മുഖം ക്ഷൗരം ചെയ്യരുത്'' എന്ന നിദ്ദേശവും കൊടുത്ത് പിറ്റെ ദിവസം പറഞ്ഞ സമയത്തു തന്നെ വഗ്ഗീസച്ചനെ മെത്രാനായി അഭിഷേകം ചെയ്തു.

ഓക്സിയോസ് ചൊല്ലിക്കഴിഞ്ഞ് താഴെ നിത്തിയപ്പോൾ ആണ് ജനം കാണുന്നത് എല്ലാവരും കൂടെ യോഗ്യനാണെന്നും പറഞ്ഞ് താഴെ നിത്തിയിരിക്കുന്ന തങ്ങളുടെ പ്രിയപ്പെട്ട പുതിയ മെത്രാൻ ''താടിയില്ലാ മെത്രാനാണെന്ന'' കാര്യം. പലേടത്തും പല പല കുശുകുശുപ്പുകളുടെ മാത്രം ഒച്ച എങ്ങും കേൾക്കാമായിരുന്നു.

വളരെ ചെറുപ്പത്തിലേ മെത്രാച്ചനാക്കിയതുമൂലം ജനങ്ങൾ കൊച്ചുമെത്രാച്ചൻ എന്നു പരസ്യമായും താടിയില്ലാ കൊച്ചുമെത്രാച്ചൻ എന്ന് രഹസ്യമായും (പരിഹസിച്ച്) വിളിച്ചു. അദ്ദേഹത്തെ പരിഹസിച്ചിരുന്നവക്കെല്ലാം ദൈവശിക്ഷ കിട്ടിയിരുന്നെങ്കിലും അവരാരും അത് മനസ്സിലാക്കാതെ പിന്നേയും വിളിച്ച് പരിഹസിച്ചിരുന്നു. കാലപഴക്കത്തിൽ ആ വിളി നിന്നു പോയി. പിന്നീട് അദ്ദേഹത്തിന് താടി മീശ കിളിച്ചെങ്കിലും പഴയതിന്റെ അത്രയും മനോഹരമായും നീണ്ടതുമായിരുന്നില്ല.

കൊച്ചുമെത്രാച്ചൻ തന്റെ പൂവ്വകാല സ്മരണകൾ അയവിറക്കി കഴിഞ്ഞപ്പോൾ ഭക്ഷണ സമയമായി. ജോസഫ് അച്ചനോട ''"വാകഞ്ഞികുടിക്കാമെന്ന്''ക്ഷണിച്ചപ്പോൾ വേണ്ട എനിക്ക് വീട്ടിൽ ചോറും നല്ല കൂട്ടാനും ഇഷ്ടം പോലെയുണ്ടെന്ന് മറുപടി പറഞ്ഞു. ''ഇതു പഴയ കാലമല്ല; ഞങ്ങൾ മെത്രാച്ചന്മാർ ഇപ്പോഴും മേശ കഴിക്കാം, കഞ്ഞികുടിക്കാം എന്നെല്ലാം ഇപ്പോഴും പറയുമെങ്കിലും തന്റെ വീട്ടിലുള്ളതിനേക്കാൾ നല്ല ഭക്ഷണം ഇവിടെ ഇപ്പോൾ കാണും.''

രണ്ടായാലും ഒരു ഭാഗ്യപരീക്ഷണത്തിന് ജോസഫ് അച്ചൻ ഒരുമ്പെട്ടില്ലന്നാണ് പറഞ്ഞു നിത്തിയത്.